## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3311** — 24.06.2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

അന്തിമ മറുപടി

### ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായും മറ്റും ലഭിച്ച മൊത്തം തുക എത്രയാണ് ; ഒരു കോടിയിൽ കൂടുതൽ സംഭാവന നല്കിയവർ ആരൊക്കെയാണ് ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം 2013 ജൂൺ 15 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (സർക്കാർ വിഹിതം 141,62,00,000/- രൂപ ഉൾപ്പെടെ) ആകെ 144,72,64,591/- രൂപ (നൂറ്റിനാല്പത്തിനാല് കോടി എഴുപത്തിരണ്ട് ലക്ഷത്തിഅറുപത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ഒരു കോടിയിൽ കൂടുതൽ തുക സംഭാവനയായി ആരും നൽകിയിട്ടില്ല. എന്നാൽ കണ്ണൂർ ചാല ഗ്യാസ് ടാങ്കർ ദുരന്തത്തിൽപ്പെട്ടവർക്ക് നൽകുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽനിന്ന് നഷ്ടപരിഹാരം മൂന്നു തവണകളായി ആകെ 2 കോടി 60 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ ദുരിതാശ്വാസ നിധിയിൽ നിന്നും മുഖ്യമന്ത്രി അനുവദിച്ച മൊത്തം തുക എത്രയാണ് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; | (ബി) ബഹു: മുഖ്യമന്ത്രി മാത്രം അനുവദിച്ച മൊത്തം തുക എത്രയാണെന്ന് വേർതിരിച്ച് കണക്ക് സൂക്ഷിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 18.5.2011 മുതൽ 15.6.2013 വരെ ധനസഹായ വിതരണത്തിനായി ആകെ 152,07,55,831/-രൂപ (നൂറ്റി അൻപത്തിരണ്ട് കോടി ഏഴ് ലക്ഷത്തി അൻപത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(സി) ഇപ്പോൾ ദുരിതാശ്വാസ നിധിയിൽ അനുവദിക്കുന്ന തുക എത്രയെന്നറിയിക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർക്ക് 2000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രിക്ക് 5000/- രൂപ വരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപവരെ അനുവദിക്കുന്നു. തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, ഇടിമിന്നൽ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10000/- രൂപ വരെയും ഇടിമിന്നൽ മൂലമുള്ള മരണങ്ങൾക്ക് 1,00,000/- രൂപവരെയും അനുവദിക്കുന്നു. കടൽക്ഷോഭം മുലമുണ്ടാകുന്ന ദുരന്തത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടംബത്തിന് 1,00,000/- രൂപ വരെയും, കുട്ടികൾക്ക് 50,000/- രൂപവരെയും, മാരകമായി പരിക്കേൽക്കുന്നവർക്ക് 35,000/- രൂപയും, ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടക്കുന്നവർക്ക് 7500 രൂപയും, ഒരാഴ്ചയിൽ കുറവ് ആശുപത്രിയിൽ കിടക്കുന്നവർക്ക് 2500/- രൂപയും, ടി പ്രകൃതിദുരന്തത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്ക് താഴെപറയും വിധവും ധനസഹായം അനുവദിക്കുന്നു.

പൂർണ്ണമായി തകർന്ന (Pucca) വീടുകളുടെ
കേടുപാടുകൾ തീർക്കുന്നതിന് പരമാവധി
-25,000/- രൂപ

| | |
|---|---|
| Kutcha വീടുകൾക്ക് | -10,000/- രൂപ |
| ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക് | - 5,000/- രൂപ |
| കച്ചാ വീടുകൾക്ക് | - 2,500/- രൂപ |
| 15% വരെ കേടുപാടുകൾ സംഭവിച്ച | |
| പക്കാ വീടുകൾക്ക് | - 2,500/- രൂപ |
| കച്ചാ വീടുകൾക്ക് | - 1,500/- രൂപ |
| പൂർണ്ണമായി തകർന്ന കുടിലുകൾക്ക് | - 2,000/- രൂപ |

വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും, ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും നൽകുന്നു

1. അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ ധനസഹായവും അപകടത്തിൽ പരുക്കേൽക്കുന്നവർക്ക് പതിനായിരം രൂപ ചികിത്സാ സഹായവും നൽകുന്നു.

2. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ട പകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങ ളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപാ വീതം എന്ന നിരക്കിൽ ധനസഹായം നൽകുന്നു.

3. സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർ ത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെ ടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളി ലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങ ളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000/- രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭാ യോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപ യിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

| | |
|---|---|
| (ഡി) ദുരിതാശ്വാസ നിധിയിൽ എത്തുന്ന തുകയിൽ നിന്ന് വ്യക്തി കൾക്ക് തുക അനുവദിക്കുമ്പോൾ അനുവർത്തിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ? | (ഡി) 1. ചികിത്സാ സഹായം, അപകടമരണം എന്നിവ യ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.<br>2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-(ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br>3. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു.<br>4. ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗ ങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് |

ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

5. അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക്, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

21

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന്

അനുവദിച്ച തുക വിവരം

(18.05.2011 മുതൽ 15.06.2013 വരെ)

| ക്രമ. നം. | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 14,39,30,000 |
| 2 | കൊല്ലം | 11,10,00,000 |
| 3 | പത്തനംതിട്ട | 4,85,00,000 |
| 4 | ആലപ്പുഴ | 14,88,00,000 |
| 5 | കോട്ടയം | 12,79,00,000 |
| 6 | ഇടുക്കി | 7,25,35,800 |
| 7 | എറണാകുളം | 10,40,00,000 |
| 8 | തൃശൂർ | 10,61,00,000 |
| 9 | മലപ്പുറം | 11,44,00,000 |
| 10 | പാലക്കാട് | 7,95,41,000 |
| 11 | കോഴിക്കോട് | 5,82,00,000 |
| 12 | കണ്ണൂർ | 14,54,50,000 |
| 13 | വയനാട് | 3,01,00,000 |
| 14 | കാസർകോഡ് | 12,54,80,000 |
| 15 | മാനേജിംഗ് ഡയറക്ടർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സൗജന്യ റേഷൻ - വിതരണത്തിന്) | 10,38,19,031 |
| 16 | റസിഡന്റ് കമ്മീഷണർ ന്യൂ ഡൽഹി (മലയാറ്റൂർ എൻ.സി.സി ക്യാമ്പിൽ മരണമടഞ്ഞ അഞ്ച് കേഡറ്റുകളുടെ കുടുംബങ്ങൾക്ക് ധനസഹായം) | 10,00,000 |
| | *ആകെ തുക* | *= 152,07,55,831* |

(നൂറ്റി അൻപത്തിരണ്ട് കോടി ഏഴ് ലക്ഷത്തി അൻപത്തയ്യായിരത്തി എണ്ണൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം)

Vajan